ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയുള്ള ആക്ഷേപം കിട്ടിയിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: അതിന്മേൽ എന്തു നടപടിനടത്തിയെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിന്മേൽ നടപടി നടത്തിയിട്ടില്ല.

ஸ்ரீ. ஏ. சிதம்பரநாத நாடார்: கிருஷிச்செலவுகளைத் திட்டப்படுத்தி முடிவு கட்டக்கூடிய Expert யார் என்று சொல்ல முடியுமா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഗവണ്മെൻറുദ്യോഗസ്ഥന്മാർ തന്നെയാണ്.

ஸ்ரீ. ஏ. சிதம்பரநாத நாடார்: கவர்மென்று உத்தியோகஸ்தர் முறையில் யாருக்காவது.....

Mr. Speaker: That question is disallowed.

ടെയിനിംഗ് അദ്ധ്യാപകന്മാർ

* ൭൯൫. (൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

൧൯൫൬,—൧൯൫൯ ഇയാണ്ടിൽ തിരുവിതാംകൂർ ഗവണ്മെണ്ടിൽ നിന്നും മദ്രാസിൽ അഡയാറിലുള്ള Arundale മോണ്ടിസോറി സെൻററിൽ ടെയിനിംഗിനു് അയച്ചിരുന്നവരും പരിശീലനം കഴിഞ്ഞുവന്നവരുമായ അദ്ധ്യാപകന്മാർ ഏതെങ്കിലും സ്കൂളുകളിൽ കൂട്ടികൾക്കു് ടെയിനിംഗ് കൊടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെ, ഏതെല്ലാം സ്കൂളുകളിൽ; ഇല്ലെങ്കിൽ എന്തുകൊണ്ടു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇല്ല. ടെയിനിംഗ് കഴിഞ്ഞുവന്ന അദ്ധ്യാപകന്മാരാരും "മോണ്ടിസോറി ടെയിനിംഗ്" കൂട്ടികൾക്കു് ഇപ്പോൾ കൊടുക്കുന്നതിനു് വ്യവസ്ഥയില്ല. ചോദ്യത്തിലെ രണ്ടാമത്തെ ഭാഗം ഉദിക്കുന്നില്ല. സാങ്കേതികനില അനുവദിക്കാത്തതിനാൽ ഈ പദ്ധതി തല്ക്കാലം നിറുത്തിവച്ചിരിക്കുകയാകുന്നു.

ശ്രീ. കൃഷ്ണനയ്യപ്പൻ: ടെയിനിംഗിനു് എത്ര പേരെയാണു് അയച്ചതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിപ്പോൾ കൃത്യമായിപ്പറയാൻ നിവൃത്തിയില്ല.

ശ്രീ. കൃഷ്ണനയ്യപ്പൻ: അതിനെന്തു ചെലവു് വന്നു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ഇപ്പോൾ പറയാൻ നിവൃത്തിയില്ല. നോട്ടീസുവേണം.

തിരുവല്ലായിലെ നെല്ലുസംഭരണം

* ൭൯൬. (൪) ശ്രീ. കെ. എ. മാത്യു: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ക്ഷേമവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവല്ലാ താലൂക്കിൽനിന്നും ൧൯൫൬, ൧൯൫൭, ൧൯൫൪ എന്നീ വർഷങ്ങളിൽ എത്രായിരുപ്പറ നെല്ലു് ഗവണ്മെണ്ടിൽനിന്നും സംഭരിച്ചിട്ടുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവല്ലാ താലൂക്കിൽ പൂർണ്ണറേഷൻ വിതരണത്തിനു് ഒരു മാസത്തിൽ എത്ര പറ അരി ആവശ്യമുണ്ടു ;

(സി) ഗവണ്മെണ്ടിൽനിന്നും ഇയിടെ പ്രസിദ്ധീകരിച്ചിരിക്കുന്ന 'ഒന്നാംവർഷം' എന്ന ലഘുഗ്രന്ഥത്തിൽ ഒരു deficit താലൂക്കായിരിക്കുന്ന തിരുവല്ലാ താലൂക്കിനെ ഒരു മിച്ചപ്രദേശമായി പ്രഖ്യാപിക്കാൻ കാരണമെന്തു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) [illegible] പറയും, [illegible] പറയും [illegible] പറയും [illegible] പറയും നെല്ലു് തിരുവല്ലാ താലൂക്കിൽനിന്നും എടുത്തിട്ടുണ്ടു്;

(ബി) തിരുവല്ലാ താലൂക്കിൽ പൂർണ്ണ റേഷൻ വിതരണത്തിനു് ഒരു മാസത്തിൽ [illegible] ചാക്കു് അല്ലെങ്കിൽ [illegible] പറ അരി ആവശ്യമുണ്ടു്;

(സി) തിരുവല്ലാ താലൂക്കു് ഒരു മിച്ചപ്രദേശമാണെന്നു പറഞ്ഞിട്ടുള്ളതു് ആ താലൂക്കു് കൂട്ടനാട്ടിൽ പെട്ടതെന്നുള്ള നിലയിലാണു്. ആ താലൂക്കിനെ പ്രത്യേകം എടുക്കുകയാണെങ്കിൽ ഒരു മിച്ചപ്രദേശമല്ല.

ശ്രീ. കെ. എ. മാത്യു: മിച്ചപ്രദേശമല്ലെങ്കിൽ അവിടത്തേയ്ക്കുള്ള അലോട്ടുമെൻറു് കൂടുതൽ അനുവദിക്കേണ്ടതല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: മിച്ചപ്രദേശമാണോ അല്ലയോ എന്നു നോക്കിയല്ല അലോട്ടുമെൻറു് അനുവദിക്കുന്നതു്.

ശ്രീ. കെ. എ. മാത്യു: ഇപ്പോൾ അയ്ക്കുന്ന അലോട്ടുമെൻറു അവിടത്തേയ്ക്കു് പര്യാപ്തമല്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ പര്യാപ്തമായിട്ടുള്ളതു് അയ്ക്കുന്നുണ്ടു്.

ശ്രീ. എ. വി. ജോസഫു്: ഓരോ താലൂക്കുകളേയും മിച്ചപ്രദേശമെന്നും കമ്മിപ്രദേശമെന്നും പ്രത്യേകം പ്രഖ്യാപിക്കാറുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെ പ്രഖ്യാപിക്കാറില്ല.

Sri. K. Sivarama Pillai: Is it not because sugarcane is grown in Tiruvalla taluk that it is a deficit taluk ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

NEW HIGH SCHOOL

***793.** [6] **Sri. Kannara Gopala Panicker:** Will the Hon'ble Minister for Education be pleased to state:

(*a*) whether Government have sanctioned permission to open any high school in the State of Travancore-Cochin after the reopening of the schools this year;

(*b*) was it against the opinion and report of the Divisional Inspector and Special Officer?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a* Yes.

(*b*) Schools are sanctioned by Government in consultation with the departmental officers including the Special Officer and after convincing themselves of the

LIBRARY ARCHIVES Kerala Legislative Assembly